പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1884 — 25.03.2013 ൽ മറുപടിക്ക്

## ജനങ്ങൾക്ക് യഥാസമയം സേവനം ലഭ്യമാക്കുന്നതിനായി പോലീസ് സംവിധാനത്തിൽ മാറ്റം

| ചോദ്യം | മറുപടി |
| --- | --- |
| ഡോ.കെ.ടി.ജലീൽ<br>ശ്രീ.രാജു എബ്രഹാം<br>,, സാജു പോൾ<br>,, ജെയിംസ് മാത്യു | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ജനങ്ങൾക്ക് പോലീസിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ യഥാസമയം ലഭിക്കുന്നില്ലെന്ന കാര്യം അറിയാമോ; ഇത് വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ; | (എ) ഇത്തരത്തിൽ ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസ് വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനായി 29.01.2013 മുതൽ സേവനാവകാശ നിയമം നടപ്പിൽ വരുത്തിയിട്ടുണ്ട്. |
| (ബി) പോലീസുകാർ ബാഹ്യശക്തികളുടെ തെറ്റായ ഇടപെടലുകൾക്ക് വിധേയരായി പ്രവർത്തിച്ചുവരുന്നത് നിർത്തലാക്കാമോ; | (ബി) പോലീസുകാർ ബാഹ്യശക്തികളുടെ തെറ്റായ ഇടപെടലുകൾക്ക് വിധേയരായി പ്രവർത്തിക്കാൻ പാടില്ല എന്നതാണ് വ്യവസ്ഥ |
| (സി) നിശ്ചിത സമയത്തിനകം സേവനം ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയതിന്റെ പേരിൽ എത്ര പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ ഈ സർക്കാർ ശിക്ഷാ നടപടി സ്വീകരിക്കുകയുണ്ടായി; | (സി) ഒരു സബ്ഇൻസ്പെക്ടറുടെ പേരിൽ ശിക്ഷാനടപടി സ്വീകരിക്കുകയുണ്ടായി. |

| | |
|---|---|
| (ഡി) സേവനം വേഗത്തിൽ നൽകാനായി നിലവിലുള്ള പോലീസ് സംവിധാനത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) സേവനം വേഗത്തിൽ പൊതുജനങ്ങൾക്ക് നൽകാനായി ഓരോ ഇനങ്ങൾക്കും നിശ്ചിത സമയപരിധി ഏർപ്പെടുത്തിയിട്ടുണ്ട്. ഈ കാലയളവിൽ സേവനം ലഭ്യമാകാതെ വന്നാൽ ബന്ധപ്പെട്ട അധികാരികൾക്ക് അപ്പീൽ നൽകുന്നതിനുള്ള സൗകര്യം കേരളാ പോലീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ